10181
18/5/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- 'ഓഖി' ചുഴലിക്കൊടുങ്കാറ്റിൽപെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളി കൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലൈഫ് ജാക്കറ്റ് വാങ്ങുന്നതിനും ആവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ)വകുപ്പ്

**സ.ഉ.(സാധാ)നം. 1712/ 2018/റവ.** **തിരുവനന്തപുരം,** തീയതി- 16/05/2018

---

പരാമർശം- മത്സ്യബന്ധനതുറമുഖവകുപ്പിന്റെ 14/05/2018 തീയതിയിലെ സ.ഉ.(കൈ) നം.9/2018.മതുവ

<u>ഉത്തരവ്</u>

'ഓഖി' ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളികളിൽ ആദ്യ ഘട്ടമെന്ന നിലയിൽ evaluation പൂർത്തിയാക്കിയ 64 പേർക്ക് 3,08,62,326/- രൂപ (മൂന്ന് കോടി എട്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനും, 9 തീരദേശജില്ലകളിലായി പരീക്ഷണാടിസ്ഥാനത്തിൽ, 6 ലക്ഷം (ആറ് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് 100 ലൈഫ് ജാക്കറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിനും അനുമതി നൽകിയും ആയതിന് ആവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിക്കുന്നതിന് റവന്യൂ (ഡിആർഎഫ്) വകുപ്പിനെ ചുമതലപ്പെടുത്തിയും പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിഷറീസ് വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം ടി ആവശ്യത്തിലേക്കായി വേണ്ടിവരുന്ന ആകെ തുകയായ 3,14,62,326 രൂപ (മൂന്ന് കോടി പതിനാല് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി 3,14,62,326 (മൂന്ന് കോടി പതിനാല് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപ 2075-00-800-40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ,
അഡീഷണൽചീഫ് സെക്രട്ടറി

ഡയറക്ടർ, ഫിഷറീസ് വകുപ്പ്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
മത്സ്യബന്ധനതുറമുഖ(ബി) വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ